DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

10-08-2018

കാർഷികമേഖലാവാർത്തകൾ

## സംസ്ഥാന കർഷക ദിനാഘോഷവും കർഷക അവാർഡ് സമർപ്പണവും

ഈ വർഷത്തെ സംസ്ഥാന കർഷക ദിനാചരണവും കർഷക അവാർഡ് വിതരണവും 2018 ആഗസ്റ്റ് 16 ന് മലപ്പുറം ജില്ലയിലെ എടപ്പാൾ സഫാരി ഗ്രൗിൽ വച്ചു നടക്കും. ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി പിണറായി വിജയൻ അന്നേദിവസം 4 മണിക്ക് നിർവ്വഹിക്കുന്നതാണ്. കേരളകൃഷി വകുപ്പുമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി. ഡോ. കെ. ടി. ജലീൽ, അവാർഡ് സമർപ്പണം നിർവ്വഹിക്കുന്നതാണ്. ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺ, ഗ്രാമ പഞ്ചായത്ത് പ്രസിഡുമാർ, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ-കലാ-സാസ്ക്കാരിക പ്രവർത്തകർ തുടങ്ങിയ വിശിഷ്ട വ്യക്തികൾ ചടങ്ങിൽ പങ്കെടുക്കുന്നതാണ്. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് 12 മുതൽ 16 വരെയുള്ള തിയ്യതികളിൽ വിപുലമായ കാർഷിക പ്രദർശനവുംകാർഷിക സെമിനാറുകളും കാർഷിക ക്വിസ്സ് മത്സരങ്ങളും കലാ-സാംസ്ക്കാരിക പരിപാടികളും പ്രതിഭാസംഗമവും സംഘടിപ്പിച്ചിട്ടുണ്ട്. ആഗസ്റ്റ് 16 ന് ഉച്ചക്ക് 2 മണിമുതൽ വിവിധ കലാരൂപങ്ങളുടെ അകമ്പടിയോടുകൂടിയുള്ള വർണശബളമായ ഘോഷയാത്രയും ഒരുക്കിയിട്ടുണ്ട്.

## സൗജന്യ പരിശീലനം

ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം കർഷകർക്കായി സൗജന്യ പരിശീലന ക്ലാസുകൾ നടത്തുന്നു. ഈ മാസം 16,17 തീയതികളിലായി മുയൽ വളർത്തൽ എന്ന വിഷയത്തിലാണ് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിരിക്കുന്നത്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അസ്കാഡ് പദ്ധതി - അറിയിപ്പ്

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര സഹായ സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതിയായ അസ്കാഡ് പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന കോഴി/താറാവ് ഇനങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ നടന്നുവരുന്നു. ഇത് സെപ്തംബർ 6 വരെ നീണ്ടുനിൽക്കുന്നതാണ്. കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കുന്നു. 98 ലക്ഷം കോഴികളേയും, 17 ലക്ഷം താറാവുകളേയും പദ്ധതി കാലയളവിൽ കുത്തിവയ്പ്പിന് വിധേയമാക്കുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നും പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റിലെ വാക്സിനേറ്റർമാരാണ് കർഷകഭവനങ്ങൾ സന്ദർശിച്ചും അയൽകൂട്ടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചും കുത്തിവയ്പ്പ് നടത്തുന്നത്. ഒരു കുത്തിവയ്പ്പിന് രണ്ടു രൂപാ ക്രമത്തിൽ കർഷകർ വോളന്റീയർമാർക്ക് ഫീസായി നൽകണം. പക്ഷി സമ്പത്തിനെ പകർച്ച വ്യാധികളിൽ നിന്നും സംരക്ഷിക്കുവാനും ഉത്പാദനക്ഷമത കൂട്ടുവാനും

കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് കോ-ഓർഡിനേറ്റർ അറിയിച്ചു.

## പരിശീലനം

തൃശ്ശൂർ, മണ്ണൂത്തി വെറ്ററിനറി കോളേജിൽ വച്ച് ഈ മാസം 17,18 തീയതികളിൽ **കന്നുകാലികളുടെ തീറ്റയും തീറ്റ ഉല്പാദനവും നൂതന പ്രവണതകൾ** എന്ന വിഷയത്തെ അധികരിച്ച് കർഷകർക്കും, സംരംഭകർക്കും പരിശീലനം നൽകുന്നു. പരിശീലന ഫീസ് 1000 രൂപ. ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി എന്ന പേരിൽ എസ്.ബി.ഐ ൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകണം. താൽപര്യമുള്ളവർ ഈ മാസം 13-ാം തീയതി 3 മണിയ്ക്ക് മുൻപ് 9387091476 എന്ന നമ്പരിൽ പേര് രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്.

## റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ പരിശീലനം

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 14-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടക്കും. പരിശീലനഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. കൂടാതെ, റബ്ബറുത്പാദകസം ഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം.

പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഫീസ് അടച്ചതിന്റെ രേഖയും അപേക്ഷകന്റെ ഫോൺ നമ്പറും സഹിതം ഇമെയിലായോ (training@rubberboard.org.in) റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 2353168, 2351313 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.